**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 966** | **09-10-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം- തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗ ശല്യം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിയോജക മണ്ഡലത്തിലെ കവളങ്ങാട്, കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി, കീരംപാറ എന്നീ പഞ്ചായത്തുകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും സമയബന്ധിത-മായി നഷ്ടപരിഹാരം നൽകുന്നതിനും മൂന്നാർ, മലയാറ്റൂർ, കോതമംഗലം എന്നീ ടെറിറ്റോറിയൽ ഡിവിഷനുകളിലും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലും സ്വീകരിച്ച നടപടി വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | കോതമംഗലം, മലയാറ്റൂർ, മൂന്നാർ വനം ഡിവിഷനുകളുടെ കീഴിലും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലും വരുന്ന കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ഓരോ ഡിവിഷന്റെ കീഴിലും സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിയോജക മണ്ഡലത്തിലെ കവളങ്ങാട്, കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പടി, കീരംപാറ എന്നീ പഞ്ചായത്തുകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും സമയബന്ധിത-മായി നഷ്ടപരിഹാരം നൽകുന്നതിനും മൂന്നാർ, മലയാറ്റൂർ, കോതമംഗലം എന്നീ ടെറിറ്റോറിയൽ ഡിവിഷനുകളിലും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലും സ്വീകരിച്ച നടപടി വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുകയോ, പരിക്കേൽക്കുകയോ, കൃഷി നാശം സംഭവിക്കുകയോ ചെയ്തിട്ടുള്ളതിന് നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശം വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ വന്യജീവികൾ മൂലം കൊല്ലപ്പെടുകയോ, പരിക്കേൽക്കുകയോ, കൃഷിനാശം സംഭവിക്കുകയോ ചെയ്തിട്ടുള്ളതിന് നൽകിയ നഷ്ടപരി-ഹാര തുകയുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | വന്യമൃഗ ശല്യത്തിനെതിരെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | വന്യജീവി സംഘർഷം തടയുന്നതിന് വനം വകുപ്പ് ശാസ്ത്രീയമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വന്യജീവി ആക്രമണം തടയുന്നതിനായി വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ SMS അലേർട്ട് നൽകിയും, AI ക്യാമറയുടെ സഹായ-ത്താൽ മോണിട്ടറിംഗ് സൈൻ ബോർഡ് സ്ഥാപിച്ചും |

| | | | |
|---|---|---|---|
| | | | വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കു-ന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കി-യിട്ടുണ്ട്. ജി.പി.എസ് ഉപകരണങ്ങൾ, വയർലെസ്സ് കമ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഡ്രോൺ ക്യാമറകൾ, ക്യാമറ ട്രാപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് വന്യജീവികളുടെ സഞ്ചാരപാത നിരീക്ഷിച്ച് വന്യജീവി സംഘർഷ സാധ്യതകൾ മുൻകൂട്ടി മനസ്സിലാക്കി മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള ശാസ്ത്രീയമായ പദ്ധതികൾ നടപ്പി-ലാക്കി വരുന്നു.<br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരണത്തിനായി കിഫ്ബി മുഖേന 110 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുന്നതിനും ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനും നിലവിലുള്ള വന്യജീവി റെസ്ക്യൂ സെന്ററുകൾ, ഹോസ്പൈസ് എന്നിവടങ്ങളിൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഡ്രോണുകളും തെർമൽ സെൻസർ ഡ്രോണുകളും AI ക്യാമറകൾ, റേഡിയോ കോളറുകൾ എന്നിവ വാങ്ങുന്നതിനും സംസ്ഥാനത്തെ വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി. കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി തോക്കുകൾ, ട്രാങ്കുലൈസറുകൾ, കൂടുകൾ, നൈറ്റ്‌വിഷൻ ക്യാമറകൾ, ടോർച്ച് ലൈറ്റുകൾ, മൊബൈൽ സ്പീക്കറുകൾ എന്നിവ വാങ്ങുന്നതിനും വനപ്രദേശങ്ങളിൽ നിന്നും സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി മുഖേന മെച്ചപ്പെട്ട വിദൂര സ്ഥലങ്ങളിൽ സ്വയം മാറിപ്പോകുന്നതിന് സഹായധനം വിതരണം ചെയ്യുന്നതിനും ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കും.<br>07/03/2024 ലെ സ.ഉ. (കൈ) 4/2024/DMD പ്രകാരം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ വരെ ലഭിച്ച അപേക്ഷകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി 722.4915 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും അത് വിവിധ ഓഫീസുകൾ വഴി വിതരണം ചെയ്തു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ഓരോ ഡിവിഷന്റെ കീഴിലും സ്വീകരിച്ച നടപടികളുടെ വിശദാംശം

മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന നേര്യമംഗലം റെയ്ഞ്ചിലെ കുട്ടമ്പുഴ പഞ്ചായത്തിൽ 13-ാം വാർഡിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് ആർ.കെ.വി.വൈ-പദ്ധതി ഫണ്ട് ഉപയോഗിച്ച് ഈന്തലുംപാറ-മുനിപ്പാറ തേക്ക് പ്ലാൻറേഷൻ-3 കി.മീറ്റർ, മുനിപ്പാറ തേക്ക് പ്ലാന്റേഷൻ-ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ-1.5 കി.മീറ്റർ, ഇഞ്ചത്തൊട്ടി ഫോറസ്റ്റ് സ്റ്റേഷൻ മുതൽ മുവാൻപാറ വരെ - 2 കി.മീറ്റർ, മുവാൻപാറ മുതൽ മെഴുക്കുമാലി തേക്ക് പ്ലാന്റേഷൻ വരെ 4.5 കി.മീറ്റർ (ആകെ 11 കി.മീറ്റർ), കവളങ്ങാട് പഞ്ചായത്തിൽ ചെമ്പൻകുഴി തൂക്കുപാലം മുതൽ മണിയമ്പാറ വരെ 1 കി.മീറ്ററും സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനായുള്ള അടങ്കൽ അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിട്ടുള്ളതും ഒക്ടോബർ ആദ്യവാരം പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

കൂടാതെ നബാർഡ് XXIX സ്കീമിൽ ഉൾപ്പെടുത്തി കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലായി മുത്തനാമുടി (4 കി.മീ), വെളിയത്ത്പറമ്പ് (4 കി.മീ) ഭാഗങ്ങളിലായി ആകെ 8 കി.മീ. ആനക്കിടങ്ങും, വലിയക്ലാച്ചേരി - മുവൻപാറ (0.75കി.മീ) മുത്തനാമുടി - മുക്കം ഭാഗം (2.5 കി.മീ) ആനന്ദൻകുടി റിവർസൈഡ് ഇ.പി.റ്റി. - ആനന്ദൻകുടി ഈസ്റ്റ് (1 കി.മീ) കരിമണൽ റിവർ - ഹാങ്ങിംഗ് ബ്രിഡ്ജ് (3.2 കി.മീ) നീണ്ടപാറ റോഡ് സൈഡ് (0.40 കി.മീ) ആർ.എസ്.പി. ഹിൽ ഏരിയ (1.4 കി.മീ) എന്നിങ്ങനെ ആകെ 9.25 കി.മീ. സോളാർ തൂക്കുവേലിയും നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ളതും, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ടി പ്രവൃത്തി നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. മേൽ പ്രവർത്തി കളിൽ 8 കി.മീ ആനക്കിടങ്ങ്, കരിമണൽ റിവർ - ഹാങ്ങിംഗ് ബ്രിഡ്ജ് (3.2 കി.മീ), നീണ്ടപാറ റോഡ് സൈഡ് (0.40 കി.മീ) എന്നീ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക്ഓർഡർ നൽകിയിട്ടുള്ളതുമാണ്. മറ്റ് പ്രവൃത്തികൾ രണ്ടു തവണ ടെണ്ടർ ചെയ്തുവെങ്കിലും നിശ്ചിത യോഗ്യതയുള്ള കരാറുകാർ പങ്കെടുക്കാ തിരുന്നതിനാൽ ടി പ്രവൃത്തികൾ റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

കോതമംഗലം വനം ഡിവിഷനു കീഴിലെ കോതമംഗലം മണ്ഡലത്തിലുൾപ്പെട്ട കവളങ്ങാട്, കീരംപാറ, പഞ്ചായത്തുകളിൽ വന്യമൃഗസാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ രാത്രി കാലങ്ങളിൽ അവയുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി പൊതുവഴികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുകയും അതോടൊപ്പം പാതയ്ക്ക് ഇരുവശവുമുള്ള അടിക്കാടുകൾ വെട്ടിത്തെളിക്കുകയും ചെയ്തിട്ടുള്ളതാണ്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി പട്രോളിംഗ് നടത്തുന്ന തിനുവേണ്ടി രാത്രിയും പകലും വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതുമാണ്. കാട്ടാനകൾ കടന്നു വരുന്ന മേഖലകളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു-വരുന്നു.

നബാർഡ് പദ്ധതി മുഖേന പൂച്ചകുത്ത് മുതൽ ചേലമല വരെയും കളപ്പാറ മുതൽ വെളിയച്ചാൽ വരെയും 90.19 ലക്ഷം രൂപ ചെലവിൽ 8 കി.മീ. ദൂരത്തിൽ എലിഫൻറ് പ്രൂഫ് ഹാംഗിങ്ങ് ഫെൻസിംഗിന് ഭരണാനുമതി ലഭ്യമായിട്ടുള്ളതും, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ടി പ്രവൃത്തി നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. RKVY പദ്ധതി മുഖേന മുള്ളരിങ്ങാട് റെയിഞ്ചിൽ ചുള്ളിക്കണ്ടം ചെക്ക്പോസ്റ്റ് മുതൽ പനംകുഴി വരെ 1.5 കി.മീ. ദൂരത്തിൽ 13.28 ലക്ഷം രൂപ ചെലവിൽ ഹാംഗിങ്ങ് സോളാർ പവർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടി അന്തിമഘട്ടത്തിലാണ്. മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്നതിനും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ടി പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി വന്യമൃഗ സംഘർഷത്തിന് പരിഹാരം

കാണുന്നതിനായി ജനജാഗ്രതാ സമിതികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും അതിൽ ഉയരുന്ന നിർദ്ദേശങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

മനുഷ്യ വന്യമൃഗ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ കോതമംഗലം വനം ഡിവിഷനിൽ 31-05-2024 ലെ സർക്കാർ ഉത്തരവ് G.O.(MS) No.23/2024/F&WLD പ്രകാരം രൂപീകരിച്ച ഒരു ആർ.ആർ.റ്റി. ഉൾപ്പെടെ 2 ആർ.ആർ.റ്റി-കളും മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിൽ 3 ആർ.ആർ.റ്റി.കളും പ്രവർത്തിച്ചുവരുന്നു. കോതമംഗലം, മൂന്നാർ ഡിവിഷനുകളിൽ, 24 മണിക്കൂറും പ്രവർത്തനസജ്ജമായ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കോതമംഗലം, മൂന്നാർ ഡിവിഷനുകളിൽപ്പെട്ട കുട്ടമ്പുഴ, കവളങ്ങാട്, കീരംപാറ, പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ നിന്നും ഇ ഡിസ്ട്രിക്റ്റ് പോർട്ടലിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമായിട്ടുള്ള അപേക്ഷകൾ തീർപ്പാക്കി ചട്ട പ്രകാരമുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

മലയാറ്റൂർ ഡിവിഷന് കീഴിലെ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ വേലികളുടെ നിർമ്മാണം, നിലവിലുള്ള സൗരോർജ്ജവേലികൾ കൂടുതൽ ഫലപ്രദമായ തൂക്കുസൗരോർജ്ജ വേലികളാക്കി നവീകരിക്കൽ, താൽക്കാലിക വാച്ചർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.

മനുഷ്യ- വന്യജീവി സംഘർഷ സാധ്യത പ്രദേശങ്ങളിൽ അടിയന്തിര ഇടപെടൽ നടത്തുന്നതിലേയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഡിവിഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സേവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ടി പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി വന്യമൃഗ സംഘർഷത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചു ചേർത്ത്, ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ.

| വർഷം | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | ദൂരം (കി.മീ) | വിനിയോഗിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 2022-23 | തൂക്കു സൗരോർജ്ജവേലി നിർമ്മാണം (കുട്ടമ്പുഴ പഞ്ചായത്ത്) | 4.00 | 12.40 |
| 2023-24 | തൂക്കു സൗരോർജ്ജവേലി നിർമ്മാണം (കുട്ടമ്പുഴ പഞ്ചായത്ത്) | 7.00 | 16.30 |

മലയാറ്റൂർ ഡിവിഷനു കീഴിലെ പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ, കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന പഞ്ചായത്ത് പ്രദേശങ്ങളിൽ നബാർഡ് പദ്ധതി വഴി 30.00 കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിംഗ് സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസലിന് ഭരണാനുമതി ലഭിക്കുകയും, ടി പ്രവൃത്തി ചെയ്യുന്നതിന് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

R.K.V.Y പദ്ധതി പ്രകാരം കുട്ടമ്പുഴ പഞ്ചായത്തിലെ താളുംകണ്ടം ട്രൈബൽ മേഖലയ്ക്ക് ചുറ്റും 17.11 ലക്ഷം രൂപ ചെലവിൽ 5 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുകയും പ്രവർത്തനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടമ്പുഴ പഞ്ചായത്തിൽ നിന്നും ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തി ടി പഞ്ചായത്തിലെ പൂയംകുട്ടി പ്രദേശത്ത് 13.55 ലക്ഷം രൂപ ചെലവിൽ 4.50 കിലോമീറ്റർ ദൂരത്തിൽ തൂക്ക സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് 2023 ഡിസംബർ മാസം വരെ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ (അപേക്ഷയോടൊപ്പം വേണ്ട രേഖകൾ പൂർണ്ണമായും ലഭ്യമായിട്ടുള്ളവ) തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷന് കീഴിലുള്ള തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പരിധിയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ XIV, XVI, XVII എന്നീ വാർഡുകൾ വനവുമായി അതിർത്തി പങ്കിടുന്നുണ്ട്. ടി പ്രദേശങ്ങളിൽ വന്യജീവി സാന്നിദ്ധ്യം കൂടുതലുള്ള തട്ടേക്കാട്, ആലാനിക്കൽപ്പടി, കൂറ്റാംപാറ, പുറമല, മണിമരുതുംചാൽ, പാറക്കടവ് തുടങ്ങിയ പ്രദേശങ്ങളിലെ വനാതിർത്തിയിൽ 14.50 കി.മീറ്റർ ദൂരത്തിൽ സൗരോർജ്ജ കമ്പി വേലി സ്ഥാപിച്ച് പരിപാലിച്ച് വരുന്നു.

തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ വനാന്തർ ഭാഗത്ത് മൃഗങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിലേക്കായി നിലവിൽ 8 കുളങ്ങൾ, 7 ചെക്ക് ഡാമുകൾ, 9 എർത്തേൺ ബണ്ടുകൾ എന്നിവ നിർമ്മിച്ച് പരിപാലിച്ച് വരുന്നു. കൂടാതെ ലോക പരിസ്ഥിതി ദിനം 2024-ന്റെ ഭാഗമായി കാട്ടിനുള്ളിൽ ആനകൾക്ക് ഭാവിയിൽ തീറ്റ ഉറപ്പാക്കുന്നതിലേക്കായി മുളം തൈകൾ നട്ടിട്ടുള്ളതാണ്.

തട്ടേക്കാട് പക്ഷിസങ്കേതത്തിൽ ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ക്യാമറ പരീക്ഷണാടിസ്ഥാനത്തിൽ ഒന്നാം ബ്ലോക്ക് ഏരിയായിൽ സ്ഥാപിച്ചിട്ടുണ്ട്. രാത്രിയിലും പകലും പ്രവർത്തിക്കുന്ന ടി സംവിധാനം വന്യമൃഗങ്ങളുടെ സാന്നിധ്യം മനസ്സിലാക്കി ഫോട്ടോ അടക്കമുള്ള മുന്നറിയിപ്പ് ടെലഗ്രാം ഗ്രൂപ്പ് വഴി ബന്ധപ്പെട്ട ജീവനക്കാർക്കും പൊതുജനങ്ങൾക്കും നൽകുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം നേരിടുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി പൊതുജനങ്ങളെയും, പഞ്ചായത്ത് ജനപ്രതിനിധികളെയും, ജീവനക്കാരെയും ഉൾപ്പെടുത്തി വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളതും, ടി ഗ്രൂപ്പുകൾ വഴി ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുകയും, ആവശ്യമായ നിർദ്ദേശങ്ങൾ ടി ഗ്രൂപ്പുകൾ വഴി നൽകുകയും ചെയ്യുന്നുണ്ട് തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ പരിധിയിൽ താൽക്കാലിക ആർ.ആർ.റ്റി രൂപീകരിച്ച് എല്ലാ ദിവസവും നൈറ്റ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ തട്ടേക്കാട് പക്ഷിസങ്കേതം ഉൾപ്പെടുന്ന ജനജാഗ്രതാ സമിതിയുടെ മീറ്റിംഗുകൾ വഴി ലഭിക്കുന്ന നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പരിശോധിച്ച് ഉചിതമായ നടപടികൾ സത്വരം സ്വീകരിച്ചുവരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം യഥാസമയം അറിയുന്നതിനും പരിഹാരനടപടികൾ ഏകോപിപ്പിക്കുന്നതിനും തട്ടേക്കാട് പക്ഷി സങ്കേതം ഉൾപ്പെടുന്ന ഇടുക്കി വന്യജീവി ഡിവിഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിവിഷൻ ലെവൽ കൺട്രോൾ റൂം (DEOC) (മൊബൈൽ നമ്പർ 9188407520) പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

2023-24 വർഷത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള നഷ്ടപരിഹാരത്തിനായി തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ആകെ ലഭിച്ച 58 അപേക്ഷകളിൽ (Crop & Property damage) 4.51 ലക്ഷം രൂപയും 2024-25 വർഷത്തിൽ നാളിതുവരെ ലഭിച്ച 14 അപേക്ഷകളിൽ (Crop & Property damage, Injury) 0.63 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. നിലവിൽ നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളൊന്നും തീർപ്പാക്കുവാനില്ല.

അനുബന്ധം -2

| വർഷം | മരണം | | പരിക്ക് | | കൃഷി/വസ്തുനാശം | | ആകെ നഷ്ടപരിഹാരം (രൂപ) |
|---|---|---|---|---|---|---|---|
| | എണ്ണം | നഷ്ടപരിഹാരം (രൂപ) | എണ്ണം | നഷ്ടപരിഹാരം (രൂപ) | എണ്ണം | നഷ്ടപരിഹാരം (രൂപ) | |
| 2021-22 | 0 | 0 | 23 | 9,25,357 | 75 | 2,59,873 | 11,85,230 |
| 2022-23 | 1 | 10,00,000 | 15 | 4,55,442 | 112 | 3,36,750 | 7,92,192 |
| 2023-24 | 1 | 10,00,000 | 30 | 10,45,230 | 119 | 8,49,621 | 18,94,851 |
| 2024-25 | 3 | 0 | 3 | 92,214 | 28 | 1,70,910 | 2,63,124 |